(സി) ശമ്പള ഹെഡ്ഡ് കണക്കിനത്തിൽ നിന്നുതന്നെയാണ് മെഡിക്കൽ ബില്ലുകളും മാറി വരുന്നത്. ശമ്പള ഹെഡ്ഡിനത്തിൻകീഴിൽ പ്രത്യേകമായി നിലവിലുള്ള 'മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്' എന്ന ഒബ്ജക്ട് ഹെഡ്ഡിലാണ് മെഡിക്കൽ ബില്ലുകൾ ചെലവെഴുതി വരുന്നത്. അതിനാൽ ഇതിൻമേൽ പ്രത്യേക നിർദ്ദേശം ഉദിക്കുന്നില്ല.

ദേശീയ സമ്പാദ്യ പദ്ധതി

16 [1023] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയിൻകീഴിൽ ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്;

(ബി) 2003 ഡിസംബർ 31 വരെ ഇതിൽ എത്ര രൂപ പിരിച്ചെടുത്തു; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൻകീഴിൽ മൊത്ത നിക്ഷേപമായി 5550 കോടി രൂപയും മിച്ച നിക്ഷേപമായി 2200 കോടി രൂപയും പിരിച്ചെടുക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) 2003 ഡിസംബർ 31 വരെ മൊത്ത നിക്ഷേപമായി 3024 കോടി രൂപയും മിച്ച നിക്ഷേപമായി 1568 കോടി രൂപയും പിരിച്ചെടുത്തു. (ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

മഹിളാപ്രധാൻ ഏജൻസി അനുവദിക്കാത്തതുമൂലമുള്ള ഗുരുതരാവസ്ഥ

17 [1024] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി മഹിളാപ്രധാൻ ഏജൻസി അനുവദിക്കാത്തതുമൂലമുള്ള ഗുരുതരാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി ഏജൻസി ലഭിക്കുവാൻ എത്ര അപേക്ഷകൾ ഓരോ ജില്ലയിലും ലഭിച്ചിട്ടുണ്ട്; ഇവ പരിഗണിച്ച് ഏജൻസി അനുവദിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) 2001 ജനുവരി 1 മുതൽ 2003 ഡിസംബർ 31 വരെ എറണാകുളം ജില്ലയിൽ എത്ര പേർക്ക് പുതുതായി ഏജൻസി അനുവദിച്ചിട്ടുണ്ട്; ആർക്കൊക്കെ; പേരുവിവരം വെളിപ്പെടുത്തുമോ;

(ഡി) മുഴുവൻ അപേക്ഷകർക്കും ഏജൻസി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം 4.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പുതുതായി ഏജൻസി ലഭിക്കുവാൻ വേണ്ടി അപേക്ഷ നൽകിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

ജില്ല	അപേക്ഷകരുടെ എണ്ണം
തിരുവനന്തപുരം	176
കൊല്ലം	268
ആലപ്പുഴ	2232
പത്തനംതിട്ട	57
കോട്ടയം	100
ഇടുക്കി	352
എറണാകുളം	130
തൃശ്ശൂർ	1319
പാലക്കാട്	550
മലപ്പുറം	322
കോഴിക്കോട്	868
വയനാട്	142
കണ്ണൂർ	550
കാസർഗോഡ്	40

തപാൽ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇവർക്ക് ഏജൻസി അനുവദിക്കുന്നതിനു കഴിയുകയുള്ളൂ.

(സി) 2001 ജനുവരി 1 മുതൽ 2003 ഡിസംബർ 31 വരെ എറണാകുളം ജില്ലയിൽ പുതുതായി ഏജൻസി അനുവദിച്ചവരുടെ പേരുവിവരം ജില്ലാ കളക്ടർമാരിൽ നിന്നും ബി. ഡി. ഒ.-മാരിൽ നിന്നും ശേഖരിച്ചുവരികയാണ്. ആയത് ലഭിച്ചതിനുശേഷം പേരു വിവരം വെളിപ്പെടുത്താവുന്നതാണ്.

(ഡി) തപാൽ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അർഹരായ അപേക്ഷകർക്ക് ഏജൻസി അനുവദിക്കുന്നതാണ്.

2003-2004-ലെ ബഡ്ജറ്റിലെ കേന്ദ്രനികുതി വിഹിതം

18 [1025] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004-ലെ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റിൽ നിന്നും കേന്ദ്രനികുതി വിഹിത ഇനത്തിൽ എത്ര തുകയാണ് സംസ്ഥാനത്തിന് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നത്; ഇതിൽ 31-12-2003 വരെ ലഭിച്ച തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly